രക്ഷകനേശുവിൻ സന്നിധിയിൽ
കടന്നു വന്നിടുവിൻ
മഹത്വരാജനായ് നിന്നിലേയ്ക്കിന്നവൻ
എഴുന്നള്ളീടട്ടെ
ആതങ്കം നീക്കുവാൻ ആനന്ദമേകുവാൻ 2
ആത്മനാഥൻ നിന്നെയും വിളിച്ചിട്ടുന്നു
രക്ഷക...1
ലാസർ മരിച്ചവനായിരുന്നു നാറ്റം വച്ചിരുന്നു
അവനുയിരേകിയ ദൈവ ശബ്ദം ഇന്നു
നിന്നിൽ മുഴങ്ങിടട്ടെ
കല്ലറ തുറക്കട്ടെ കെട്ടുകൾ അഴിയട്ടെ 2
മരണബന്ധനങ്ങളെ വിട്ടുപോരു നീ
രക്ഷക...
ദൈവസ്നേഹത്തിൻറെ ദർശനം നീ
ക്രൂശിൽ കണ്ടിടുക
പാപമില്ലാത്തവൻ നിൻറെ പേർക്കായ് മര-
ക്രൂശിൽ മരിച്ചുവല്ലോ
വീണ്ടെടുക്കുവാൻ നിൻ വിലയേകുവാൻ 2
ജീവരക്തമേകനായ് ചൊരിഞ്ഞുവല്ലോ
രക്ഷക...1
വാഗ്ദത്തം പോലവനിന്നിവിടെ ആഗതനായിട്ടുണ്ട്
അകൃത്യമാകെയുമനുതാപത്തോടേറ്റു പറയുവിൻ
പാപം പോക്കിടും - നിൻ രോഗം നീക്കിടും 2
ശുദ്ധനാക്കി നിന്നെ സ്വന്ത പുത്രനാക്കിടും
രക്ഷക...2,ആതങ്കം...2, രക്ഷക...1

rakshakanesuvin sannidhiyil
katannu vannituvin
mahathvaraajanaay ninnileykkinnavan
ezhunnalleetatte
aathangkam neekkuvaan aanandamekuvaan 2
aathmanaathhan ninneyum vilichchitunnu
rakshaka...1
laasar marichchavanaayirunnu naatam vachchirunnu
avanauyirekiya daiva sabdam innu
ninnil muzhangngitatte
kallarra thurrakkatte kettukal azhiyatte 2
maranabandhanangngale vittuporu nee
rakshaka...1
daivasnehaththinte darsanam nee
kroosil kantituka
paapamillaaththavan ninte perkkaay mara
kroosil marichchuvallo
veentetukkuvaan nin vilayekuvaan 2
jeevarakthamekanaay chorinjnjuvallo
rakshaka...1
vaagdaththam polavaninnivite aagathanaayittunt
akrthyamaakeyumanuthaapaththotetu parrayuvin
paapam pokkitumnin rogam neekkitum 2
suddhanaakki ninne svantha puthranaakkitum
rakshaka...2, aathangkam...2, rakshaka...1